(ബി) പ്രതിദിനം എത്ര ടൺ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നു. 2009-10 കാലയളവിൽ എത്ര ടൺ മാലിന്യങ്ങൾ സംസ്കരിച്ചു ; എത്ര ടൺ വളം ഉൽപ്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 2009-10-ൽ സംസ്കരണത്തിനു വേണ്ടി ഏജൻസിക്ക് എത്ര രൂപ നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്കരിക്കുന്ന മാലിന്യത്തിന്റെ എത്ര ശതമാനം വളം ഉൽപ്പാദിപ്പിക്കുന്നു ;

(ഇ) മാലിന്യസംസ്കരണം ഏറ്റെടുത്ത ഏജൻസിക്ക് സംസ്കരണത്തിനു മുൻപരിചയമുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിളപ്പിൽശാലയിലെ ഖരമാലിന്യ സംസ്ക്കരണശാല, സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ്, തൊഴുവൻകോട്, വട്ടിയൂർക്കാവ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷനാണ് പ്രവർത്തിപ്പിക്കുന്നത്.

(ബി) പ്രതിദിനം 200-280 ടൺ മാലിന്യം സംസ്ക്കരിക്കുന്നു. 2009-10 കാലയളവിൽ 67448 ടൺ മാലിന്യം സംസ്ക്കരിച്ചിട്ടുണ്ട്. ഈ കാലയളവിൽ 10943 ടൺ വളം ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന് 2,04,39,156 രൂപ നൽകിയിട്ടുണ്ട്.

(ഡി) മാലിന്യത്തിന്റെ ഏകദേശം 20 ശതമാനം വരെ വളം ഉൽപ്പാദിപ്പിക്കപ്പെടുന്നു.

(ഇ) പ്രസ്തുത ഏജൻസിയെ ഖരമാലിന്യ പരിപാലന പ്രോജക്ടുകളുടെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. ഈ ഏജൻസി ഖരമാലിന്യ പരിപാലനം സംബന്ധിച്ച് കോർപ്പറേഷന് സാങ്കേതിക ഉപദേശം നൽകി വരികയായിരുന്നു. ഈ ഏജൻസിയെ കേന്ദ്ര സർക്കാർ നഗര ഖരദ്രവമാലിന്യ പരിപാലനത്തിനുള്ള സെന്റർ ഓഫ് എക്സലൻസ് ആയി അംഗീകരിച്ചിട്ടുണ്ട്.

നഗരസഭകളിൽ മാലിന്യ സംസ്ക്കരണത്തിന് സ്വീകരിച്ച നടപടികൾ

175 (4799) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം കൊച്ചി, കോഴിക്കോട് നഗരസഭകളിൽ മാലിന്യ സംസ്ക്കരണത്തിനും മലിനജല സംസ്ക്കരണത്തിനും വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാരും വാട്ടർ അതോറിറ്റിയും സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നഗരസഭകളിൽ സ്ഥാപിച്ചിട്ടുള്ള മലിനജല സംസ്കരണ പ്ലാന്റുകളിൽനിന്നും സംസ്ക്കരിക്കാതെ മലിനജലവും വിസർജന വസ്തുക്കളും സമീപത്തുള്ള തോടുകളിലേക്കും നദികളിലേക്കും തുറന്നവിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പൊതു ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ഇത്തരം പ്രവർത്തികൾ ചെയ്യുന്ന സർക്കാർ സ്ഥാപനത്തിനെതിരെ മിലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഖരമാലിന്യ സംസ്ക്കരണം :

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകളിൽ ഖരമാലിന്യ സംസ്ക്കരണത്തിന് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിൽ പ്രതിദിനം 300 ടൺ മാലിന്യം സംസ്ക്കരിക്കാൻ ശേഷിയുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് വിളപ്പിൽശാലയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഖരമാലിന്യം എയ്റോബിക് കമ്പോസ്റ്റിംഗ് വഴി സംസ്ക്കരിക്കുന്നു. കൊച്ചി കോർപ്പറേഷനിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റ് ബ്രഹ്മപുരത്ത് സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ ന്യൂനതകൾ പരിഹരിച്ച് കമ്പോസ്റ്റിംഗ് പ്രക്രിയ ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് കോർപ്പറേഷനിലുണ്ടാകുന്ന ഖരമാലിന്യങ്ങൾ സംസ്ക്കരിക്കാൻ ഞെളിയൻപറമ്പിൽ നേരത്തെയുണ്ടായിരുന്ന കമ്പോസ്റ്റ് പ്ലാന്റിന്റെ ന്യൂനതകൾ പരിഹരിച്ച് നവീകരിച്ച സംവിധാനം നഗരസഭ നടപ്പാക്കിയിട്ടുണ്ട്. വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിലുള്ള സംസ്ക്കരണമാണ് ഇവിടെ നടക്കുന്നത്.

മലിനജല സംസ്ക്കരണം :

തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് ഏകദേശം 40% സ്ഥലങ്ങളിലും സ്വീവേജ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുനവനന്തപുരം നഗരത്തിൽ ശേഖരിക്കുന്ന സ്വീവേജ് വിവിധ പമ്പിംഗ് സ്റ്റേഷനുകൾ വഴി മുട്ടത്തറയിലുള്ള സ്വീവേജ് ഫാമിലേയ്ക്ക് പമ്പ് ചെയ്യുന്നു. കേന്ദ്ര സഹായത്തോടെ ഒരു സ്വീവേജ് ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം മുട്ടത്തറയിൽ പുരോഗമിക്കുന്നു. കൊച്ചി നഗരസഭയുടെ 5% ഭാഗത്ത് സ്വീവേജ് സിസ്റ്റം നിലവിലുണ്ട്. കൊച്ചി നഗരത്തിൽ ഇളംകുളത്ത് പ്രതിദിനം 45 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള പ്ലാന്റ് കേരള വാട്ടർ അതോറിറ്റി പ്രവർത്തിപ്പിക്കുന്നു. കേന്ദ്രാവിഷ്ക്കൃത പദ്ധതി പ്രകാരം വിപുലമായ സ്വീവേജ് ഇളംകുളത്തും മുണ്ടംവേലിയിലും നിർമ്മിക്കാനുള്ള നടപടികൾ കൊച്ചി നഗരസഭയും വാട്ടർ അതോറിറ്റിയുമായി ചേർന്ന് കൈക്കൊണ്ടു വരുന്നു. കോഴിക്കോട് കോർപ്പറേഷനിൽ സിവറേജ് സിസ്റ്റവും സ്വീവേജ് സംസ്ക്കരണ പ്ലാന്റും നിലവിലില്ല. കെ.എസ്.യു.ഡി.പി. പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനുള്ള സ്ഥാപനാനുമതി 2010 മേയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടിയുള്ള മുട്ടത്തറ സീവേജ് ഫാമിൽനിന്നും ശുദ്ധീകരണത്തിനുശേഷം മണൽത്തിട്ടകളിൽകൂടി കടന്നു വരുന്ന ജലം പാർവ്വതീ പുത്തനാറിൽ ഒഴുകിയെത്തുന്നു. നിലവിലുള്ള സംവിധാനം കുറ്റമറ്റതല്ലാത്തതിനാൽ കെ.എസ്.യു.ഡി. പദ്ധതി പ്രകാരം 107 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള പുതിയ പ്ലാന്റിന്റെ പണി പുരോഗമിച്ചു വരുന്നു. ഇതു പ്രവർത്തനക്ഷമമാകുമ്പോൾ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകും.

കൊച്ചി നഗരസഭയ്ക്കുവേണ്ടിയുള്ള പ്ലാന്റിൽ നിന്നും ശുദ്ധീകരിച്ച ജലം സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കിയശേഷം നിശ്ചിത തോതിലുള്ള ഗുണനിലവാരം ഉറപ്പാക്കിയിട്ടാണ് സമീപത്തുള്ള ജലാശത്തിലേയ്ക്ക് തുറന്ന് വിടുന്നത്.

(സി) പരാതികളിന്മേൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് അന്വേഷണം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ അതാത് സമയം നൽകുകയും ചെയ്തു വരുന്നു.

തെരുവ് നായ ശല്യം

176 (4800) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവ് നായ്ക്കളെ കൊല്ലുന്നതിന് ഇപ്പോൾ എത്ര തുക ചെലവഴിക്കുവാൻ അനുവാദമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തെരുവ് നായ്ക്കളെ കൊല്ലുന്ന നടപടി ബഹു. സുപ്രീം കോടതിയുടെ ഇടക്കാല വിധിയനുസരിച്ച് നിർത്തലാക്കിയിരിക്കുകയാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുക ചെലവഴിക്കുന്നില്ല.

തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവ് തടയുന്നതിന് നടപടി

177 (4801) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവ് നായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവ് തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly